**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4201** **18-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,**<br>**ശ്രീ വി ജോയി,**<br>**ശ്രീമതി കാനത്തിൽ ജമീല,**<br>**ശ്രീ. പി.പി. സുമോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം പതിനാറാം ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ച നൽകിയതിനു ശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന വെർട്ടിക്കൽ ഫിസ്കൽ ഇംബാലൻസ് (Vertical Fiscal Imbalance) പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ ഏറ്റവും കുറഞ്ഞത് 50 ശതമാനം എങ്കിലും സംസ്ഥാനങ്ങളുമായി പങ്ക് വെക്കണമെന്നുള്ള വ്യക്തമായ വാദങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള നിവേദനം പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ നികുതി വിഹിതം നാൽപത് ശതമാനത്തിലേക്ക് ചുരുക്കണമെന്ന് കേന്ദ്ര ധനമന്ത്രാലയം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; കേന്ദ്രം ഈ നിർദ്ദേശം ധനകാര്യ കമ്മീഷനുമായി പങ്ക് വച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | നികുതി വിഹിതം നാൽപത് ശതമാനത്തിലേക്ക് ചുരുക്കണമെന്ന് കേന്ദ്ര ധനമന്ത്രാലയം ഔദ്യോഗികമായി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | കാലാകാലങ്ങളിൽ വരുന്ന ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; നിലവിലെ നിർദ്ദേശം ധനകാര്യ കമ്മീഷൻ സ്വീകരിക്കുന്ന പക്ഷം കേന്ദ്ര സർക്കാരിനുള്ള നേട്ടമെന്ത്; ഇത് സംസ്ഥാനത്തെ ഏത് രീതിയിൽ ബാധിക്കും; വിശദാംശം നൽകുമോ? | (സി) | പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയിരുന്നു. എന്നാൽ സംസ്ഥാനങ്ങൾക്ക് അതുവരെ അനുവദിച്ചിരുന്ന Normal Central Assistance (NCA) നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം കുറയ്ക്കുകയും ചെയ്തത് മൂലം സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷൻ നികുതി വിഹിതത്തിൽ അനുവദിച്ച വർദ്ധനവ് കൊണ്ട് ഗണ്യമായ പ്രയോജനമൊന്നും ലഭിക്കുന്നില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ തൽസ്ഥിതി ആണ് തുടർന്നത്. സെസ്സുകളും സർചാർജുകളും ചുമത്തുന്നത് വഴി കേന്ദ്രസർക്കാർ പിരിച്ചെടുക്കുന്ന വിഹിതം കഴിഞ്ഞ ദശാബ്ദകാലയളവിൽ മൊത്തം കേന്ദ്ര നികുതി |

| | | | |
|---|---|---|---|
| | | | വരുമാനത്തിന്റെ 10 ശതമാനം മുതൽ 20 ശതമാനം വരെയായി വർദ്ധിച്ചിട്ടുണ്ട്. ഈ സെസ്സുകളും സർചാർജ്ജുകളും വഴി കേന്ദ്രസർക്കാരിനു ലഭിക്കുന്ന പ്രസ്തുത വരുമാനം സംസ്ഥാനങ്ങളുമായി പങ്കുവെക്കുന്ന ഡിവിസിബിൾ പൂളിന്റെ ഭാഗമാക്കാത്തതിനാൽ, സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതി വിഹിതത്തിൽ കുറവ് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## 2025 മാർച്ച് 18, ചൊവ്വ

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം. 4201

## സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. നന്ദകുമാർ**<br>**ശ്രീ. വി. ജോയി**<br>**ശ്രീമതി കാനത്തിൽ ജമീല**<br>**ശ്രീ. പി.പി. സുമോദ്** | **കെ.എൻ. ബാലഗോപാൽ**<br>**ധനകാര്യ വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം പതിനാറാം ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകിയതിനു ശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന വെർട്ടിക്കൽ ഫിസ്കൽ ഇംബാലൻസ് (Vertical Fiscal Imbalance) പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ ഏറ്റവും കുറഞ്ഞത് 50% എങ്കിലും സംസ്ഥാനങ്ങളുമായി പങ്ക് വെക്കണമെന്നുള്ള വ്യക്തമായ വാദങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിവേദനം പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഈ നികുതി വിഹിതം നാൽപത് ശതമാനത്തിലേക്ക് ചുരുക്കണമെന്ന് കേന്ദ്ര ധനമന്ത്രാലയം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; കേന്ദ്രം ഈ നിർദ്ദേശം ധനകാര്യ കമ്മീഷനുമായി പങ്ക് വച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | നികുതി വിഹിതം നാൽപത് ശതമാനത്തിലേക്ക് ചുരുക്കണമെന്ന് കേന്ദ്ര ധനമന്ത്രാലയം ഔദ്യോഗികമായി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) കാലാകാലങ്ങളിൽ വരുന്ന ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; നിലവിലെ നിർദ്ദേശം ധനകാര്യ കമ്മീഷൻ സ്വീകരിക്കുന്ന പക്ഷം കേന്ദ്ര സർക്കാരിനുള്ള നേട്ടമെന്ത്; ഇത് സംസ്ഥാനത്തെ ഏത് രീതിയിൽ ബാധിക്കും; വിശദാംശം നൽകുമോ? | പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയിരുന്നു. എന്നാൽ സംസ്ഥാനങ്ങൾക്ക് അതുവരെ അനുവദിച്ചിരുന്ന Normal Central Assistance (NCA) നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം കുറയ്ക്കുകയും ചെയ്തത് മൂലം സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷൻ നികുതി |

| | |
|---|---|
| | വിഹിതത്തിൽ അനുവദിച്ച വർദ്ധനവ് കൊണ്ട് പ്രയോജനമൊന്നും ലഭിച്ചില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ തൽസ്ഥിതി ആണ് തുടർന്നത്. സെസ്സുകളും സർചാർജ്ജുകളും ചുമത്തുന്നത് വഴി കേന്ദ്രസർക്കാർ പിരിച്ചെടുക്കുന്ന വിഹിതം കഴിഞ്ഞ ദശാബ്ദകാലയളവിൽ മൊത്തം കേന്ദ്ര നികുതി വരുമാനത്തിന്റെ 10 ശതമാനം മുതൽ 20 ശതമാനം വരെയായി വർദ്ധിച്ചിട്ടുണ്ട്. ഈ സെസ്സുകളും സർചാർജ്ജുകളും വഴി കേന്ദ്രസർക്കാരിനു ലഭിക്കുന്ന പ്രസ്തുത വരുമാനം സംസ്ഥാനങ്ങളുമായി പങ്കുവെക്കുന്ന ഡിവിസിബിൾ പൂളിന്റെ ഭാഗമാക്കാത്തതിനാൽ, സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതി വിഹിതത്തിൽ കുറവ് വരുന്നുണ്ട്. |

**ധനകാര്യ വകുപ്പ് മന്ത്രി**

17.03.25

17.03

17/3/2025
Deputy Secretary

17/03